പി.എം.ജി.എസ്.വൈ. പദ്ധതി-ആറ്റിങ്ങൽ

38 (3004) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലമുൾപ്പെട്ട പ്രദേശത്ത് നിലവിൽ ഏതെല്ലാം റോഡുകളാണ് പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഓരോ റോഡിന്റെയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും കരാർ തുക എത്ര വീതമെന്നും കരാർ എടുത്തിരിക്കുന്നത് ആരൊക്കെയാണെന്നും പണി പൂർത്തിയാക്കേണ്ട തീയതി ഏതാണെന്നും വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം പുതിയതായി ഏതെല്ലാം റോഡുകളുടെ നവീകരണത്തിനായാണ് ശിപാർശ ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലമുൾപ്പെട്ട പ്രദേശത്ത് നിലവിൽ 3 റോഡുകൾക്കാണ് കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. ടി റോഡുകളുടെ പ്രാഥമിക ലെവൽ എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	തുക	കരാറുകാരൻ
1	കല്ലൂർ- കോടാലിക്കോണം റോഡ്	2,84,18,150	ആർ. മുരളീധരൻ നായർ
2	കടകം-ചന്ദനത്ത് വാട റോഡ്	2,30,69,637	ആർ. മുരളീധരൻ നായർ
3	അയിലം-താഴമൺതോട്ടം	1,16,03,010	ആർ. മുരളീധരൻ നായർ

പണി പൂർത്തിയാക്കേണ്ട തീയതിയെക്കുറിച്ച് വിവരം ശേഖരിച്ചുവരുന്നു

(ബി) ആങ്ങാവിള-ആനയിൽ-കോടമ്പള്ളി-നിലയ്ക്കാമുക്ക്-മാർക്കറ്റ് എന്ന പേരിൽ ഒരു പാത, പി.എം.ജി.എസ്.വൈ. രണ്ടിന് വേണ്ടി തയ്യാറാക്കപ്പെട്ട പട്ടികയിൽ ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly